നം.20/2017/SRG/CC (19)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018 ൽ കൂടിയ യോഗത്തിന്റെ നടപടിവിവരം

യോഗം രാവിലെ 11.00മണിക്ക് നിയമസഭാ മന്ദിരത്തിലെ 610-ാം നമ്പർ ഹാളിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം ഹാജർ രജിസ്റ്റർ പ്രകാരം

### 1.പദ്ധതി പുരോഗതി അവലോകനം

=======================

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി അവലോകനം ചെയ്തു. 05.03.2018 വരെയുള്ള പദ്ധതി പുരോഗതി താഴെചേർക്കുന്നു.

| | | | |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | - | 64.37 | ശതമാനം |
| ബ്ലോക്ക് പഞ്ചായത്ത് | - | 60.80 | ” |
| മുനിസിപ്പാലിറ്റി | - | 54.29 | ” |
| കോർപ്പറേഷൻ | - | 49.66 | ” |
| ജില്ലാ പഞ്ചായത്ത് | - | 42.43 | ” |
| **ആകെ ചെലവ്** | | **58.06** | ” |

ഏറ്റവും കൂടുതൽ പദ്ധതി ചെലവ് കണ്ണൂരും (62.64 ശതമാനം) കുറവ് കോഴിക്കോടും (53.42 ശതമാനം) ജില്ലകളിൽ ആണ്. ട്രഷറികളിൽ സമർപ്പിക്കപ്പെട്ട ബില്ലുകൾ കൂടി ചേർത്താൽ ചെലവു ശതമാനം 61.24 ആണ്.

2018-19 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 432 തദ്ദേശഭരണ സ്ഥാപനങ്ങൾ ഡാറ്റാഎൻട്രി ആരംഭിച്ചു. ആകെ 6548 പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ ചേർത്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട , ചെമ്മരുതി എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകി.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഈ വർഷത്തെ പദ്ധതി നിർവഹണം ദൈനം ദിനം അവലോകനം ചെയ്യുകയും പ്രശ്നങ്ങൾ പരിഹരിക്കാൻ കൃത്യമായ നടപടിയും ബന്ധപ്പെട്ട വകുപ്പ മേധാവികൾ സ്വീകരിക്കണം.

നടപടി:-1) പഞ്ചായത്ത് ഡയറക്ടർ
2) നഗരകാര്യ ഡയറക്ടർ
3) ഗ്രാമവികസന കമ്മീഷണർ

2018-19-ലെ വാർഷിക പദ്ധതി 17.03.2017-നു മുമ്പ് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കുന്നതിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പ്രത്യേകം ശ്രദ്ധിക്കണം. എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭാകളും ഈ ദിവസത്തിനകം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്നു എന്ന് പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, നഗരകാര്യ ഡയറക്ടർ എന്നിവർ ഉറപ്പു വരുത്തണം. അതിന് വേണ്ടി വകുപ്പുമേധാവികൾ എല്ലാ ദിവസവും അവലോകനം

1) ഗ്രാമപഞ്ചായത്ത് ഒരു വാർഡിന് ആറുമാസത്തേയ്ക്ക് - 23,175/രൂപ

2) മുനിസിപ്പാലിറ്റി ഒരു വാർഡിന് " - 46,350/- രൂപ

3) കോർപ്പറേഷൻ ഒരു വാർഡിന് " - 92,700/- രൂപ

**തീരുമാനം :-** ഇതിന്മേൽ പിന്നീട് തീരുമാനമെടുക്കുന്നതാണ്

നടപടി:-തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

**4.79 പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.02.2018-ലെ കത്തും 07.02.2018-ലെ 23(4)/ 18-ാം നമ്പർ തീരുമാനവും**

2016-17 വാർഷിക പദ്ധതിയിൽ ഭിന്നശേഷിയുള്ളവർക്ക് 100 ശതമാനം സബ്സിഡിയോടെ മുട്ടക്കോഴി വിതരണം നടത്തി. സർക്കാർ അനുവദിച്ച നിരക്കിലധികം ആയതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് കുറിപ്പെഴുതിയിരിക്കുന്നു. സാധൂകരണം നൽകണമെന്നു സംബന്ധിച്ച്

**തീരുമാനം :-** വകുപ്പുതലത്തിന്മേൽ നടപടി സ്വീകരിക്കേണ്ട വിഷയമാണ്

നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.80 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.03.2018-ലെ 5183- D-2016-KSHO-ാം നമ്പർ കത്ത്**

എറണാകളം ജില്ലയിൽ 2014 മുതൽ കുടുംബശ്രീയുടെ 5 വനിതകൾ ചേർന്ന് രൂപീകരിച്ച നിർമ്മാണ യൂണിറ്റാണ് " കുടുംബശ്രീ കൺസ്ട്രക്ഷൻസ്." ഈ യൂണിറ്റ് ധാരാളം ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്. സർക്കാർ അംഗീകാരമില്ലാത്തതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാൻ കഴിയുന്നില്ല. അതിനാൽ സർക്കാർ അംഗീകൃത മൈക്രോ കോൺട്രാക്റ്റിംഗ് കൺസ്ട്രക്ഷൻ ഗ്രൂപ്പായി അംഗീകരിക്കണമെന്നും ടെണ്ടർ, ഏണസ്റ്റ് മണി ഡെപ്പോസിറ്റ് തുടങ്ങിയ നടപടികളിൽ നിന്ന് ഒഴിവാക്കി ഉത്തരവുണ്ടാകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

കൂടാതെ നിർമ്മാണ രംഗത്ത പരിശീലനം കിട്ടിയ 64 കുടുംബശ്രീ കൺസ്ട്രക്ഷൻ യൂണിറ്റുകൾ വിവിധ ജില്ലകളിലായി പ്രവർത്തനം നടത്തുന്നുണ്ടെന്നും ഈ യൂണിറ്റുകളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന അക്രഡിറ്റഡ് ഏജൻസിയാക്കണമെന്ന കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ ആവശ്യപ്പെട്ടു. ഇതിന്മേൽ താഴെപ്പറയുന്ന തീരുമാനമെടുത്തു.

**തീരുമാനം :-** 1. കുടുംബശ്രീ കൺസ്ട്രക്ഷൻ ഗ്രൂപ്പുകളെ ലൈഫ് പദ്ധതിയുടെ പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണ പ്രവൃത്തികൾ ടെണ്ടർ നടപടിക്രമം കൂടാതെ എൽപ്പിക്കാവുന്നതാണ്. ഗുണഭോക്താക്കൾ നേരിട്ടോ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേരിട്ടോ ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ കുടുംബശ്രീ കൺസ്ട്രക്ഷൻ ഗ്രൂപ്പുകളെ ഏൽപ്പിക്കാവുന്നതാണ്.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

2. ലൈഫ് മിഷൻ വഴി നിർമ്മിക്കുന്ന വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കാനുള്ള അംഗീകൃത ഏജൻസിയായി കുടുംബശ്രീ കൺസ്ട്രക്ഷൻ ഗ്രൂപ്പുകളെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. താൽപര്യമുള്ള ഗുണഭോക്താക്കൾക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടിക്രമം കൂടാതെയോ ലൈഫ് മിഷന്റെ പുതിയ വീടുകളുടെ നിർമ്മാണം കുടുംബശ്രീ കൺസട്രക്ഷൻ ഗ്രൂപ്പുകളെ ഏൽപ്പിക്കാവുന്നതാണ്.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

3. അർഹതയുള്ള കുടുംബശ്രീ കൺസ്ട്രക്ഷൻ ഗ്രൂപ്പുകളെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിക്കുന്നതിനുള്ള ആവശ്യം കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ധനവകുപ്പിന് നൽകേണ്ടതാണ്.
4. ഓരോ ഗ്രൂപ്പും ചുരുങ്ങിയത് 10 വീടുകളുടെ നിർമ്മാണം നടത്തുന്നുണ്ടെന്ന് കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ ഉറപ്പു വരുത്തേണ്ടതാണ്.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ

### 4.81 ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 23.01.2018-ലെ CA 228/18-ാം നമ്പർ കത്ത്

മൂന്നാർ പ്രദേശത്ത് വൈദ്യുതി വിതരണം നടത്തുന്നത് ടാറ്റാ കമ്പനി ആണ്. മൂന്നാർ പഞ്ചായത്തിൽ ലക്ഷ്മി കുടിവെള്ള വിതരണ പദ്ധതി നടപ്പാക്കുന്നുണ്ട്. ഈ പ്രദേശത്ത് KSEB ശൃംഖല ഇല്ലാത്തതിനാൽ ഇതിന്റെ വൈദ്യുതീകരണത്തിന് ആവശ്യമായ തുക ടാറ്റാ കമ്പനിക്കു നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** വൈദ്യുതീകരണം പൂർത്തിയാക്കുന്ന മുറയ്ക്ക് പാർട്ട് ബിൽ/ഫൈനൽ ബിൽ എന്ന രീതിയിൽ നടപ്പാക്കാൻ അനുമതി നൽകുന്നു. ഡെപ്പോസിറ്റായി നൽകണമെങ്കിൽ ധനകാര്യ വകുപ്പിന്റെ അനുമതി വാങ്ങണം

നടപടി:-തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

### 4.82 കാലടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.02.2018-ലെ A3-8725/17-ാം നമ്പർ കത്ത്

പഞ്ചായത്തിലെ 12-ാം വാർഡിലെ ചെന്നിശ്ശേരി പ്രദേശത്തെ ഡമ്പിംഗ് യാർഡിലെ മാലിന്യത്തിൽ നിന്ന് രോഗങ്ങൾ പടരുന്നു. സർവ്വകക്ഷി യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തിയുടെ സ്ഥലം ലീസിനെടുക്കാനും അവിടെ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു. ശ്രീ. ഇ.വി. പോളി ഈരാളി എന്നയാളുടെ 4.50 ഏക്കർ സ്ഥലം ലീസിനെടുക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** വകുപ്പുതലത്തിൽ തീരുമാനമെടുക്കേണ്ട വിഷയമാണ്

നടപടി:-തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്